(ബി) ധനകാര്യകമ്മീഷന്റെ ജോലിക്കും പൂർത്തിയായി കഴിഞ്ഞ സ്ഥിതിക്കു് ഈ സെക്ഷനുകളും നിർത്തലാക്കാതെ വീണ്ടും തുടർന്നുകൊണ്ടുപോകാനുള്ള സാഹചര്യങ്ങളുണ്ടോ ;

(സി) സാധാരണ സെക്ഷനുകളേക്കാൾ വളരെ ലഘുവായ ജോലിയും മാത്രമുള്ള ഈ രണ്ടു സെക്ഷനിലും പ്രവൃത്തി എടുക്കുന്നവർക്കു് വീണ്ടും നീട്ടിക്കൊടുത്ത കാലഘട്ടത്തിലേയ്ക്കു് 20 ശതമാനം സ്പെഷ്യൽ പേ നൽകിവരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സംസ്ഥാനം സാമ്പത്തിക വൈഷമ്യം അനുഭവിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം അധികചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കുമോ ;

(ഇ) മേൽ പറഞ്ഞ സെക്ഷനുകളിൽ പ്രവൃത്തി എടുക്കുന്നവർക്കു് സംസ്ഥാന ബഡ്ജറ്റു് തയ്യാറാക്കിയ കാലഘട്ടത്തിലേക്കു സ്പെഷ്യൽ പേയും, ഓണറേറിയവുമായി അടിസ്ഥാന ശമ്പളത്തിന്റെ 45 ശതമാനം നൽകിയതിനെ അക്കൗണ്ടന്റു് ജനറൽ ചോദ്യം ചെയ്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്) :

(എ) ഉണ്ടായിരുന്നു.

(ബി) ശമ്പള പരിഷ്ക്കാര കമ്മീഷന്റെ ശുപാർശകളിൽ തീരുമാനങ്ങളെടുക്കാത്തവയേയും ഇക്കാര്യത്തിൽ ഗവണ്മെന്റു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽനിന്നും ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളേയും സംബന്ധിച്ച മേൽ നടപടികളും എടുക്കുന്നതിനും ടാക്സേഷൻ എൻക്വയറി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളും പരിശോധിച്ചു തൽസംബന്ധമായ കാര്യങ്ങളും വേണ്ടതുപോലെ നടപ്പിലാക്കുന്നതിനും, നാലാം പദ്ധതിക്കാലത്തേക്കും സംസ്ഥാന ഗവണ്മെന്റിന്റെ ധനവിഭവങ്ങളെ സംബന്ധിച്ചു പുതുക്കിയ എസ്റ്റിമേറുകളും തയ്യാറാക്കുന്നതിനുംവേണ്ടി ഈ രണ്ടു് സെക്ഷനുകളും തുടരേണ്ടതുണ്ടെന്നു ബോദ്ധ്യം വന്നതിനാൽ 1-8-1969 മുതൽ 6 മാസത്തേക്കു അവ തുടരുവാൻ ഉത്തരവായിട്ടുണ്ടു്.

(സി) സാധാരണഗതിയിൽ മൂന്നു സെക്ഷനുകളായി ചെയ്യുന്നതിക്കേണ്ട ഈ ജോലിക്കും ഭാരമേറിയ ആകയാൽ പ്രസ്തുത സെക്ഷനുകളിലെ ജീവനക്കാർ ആഫീസു സമയം കഴിഞ്ഞു് ഒഴിവു ദിവസങ്ങളിലും പണി എടുക്കേണ്ടതുണ്ടു്. അവർക്കു് അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം സ്പെഷ്യൽ പേ അനുവദിച്ചതു് അതിനാലാണു്.

(ഡി) മേൽപ്രകാരം സ്പെഷ്യൽ പേ അനുവദിച്ചിട്ടുള്ളതു് ഒഴിവാക്കാവുന്ന അധികച്ചെലവാണെന്നു ഗവണ്മെന്റിനു അഭിപ്രായമില്ല.

(ഇ) സ്പെഷ്യൽപേയും, ഓണറേറിയവുമായി ശമ്പളത്തിന്റെ 45% നൽകിയ ഗവണ്മെന്റു് ഉത്തരവു് പുനഃപരിശോധിക്കാൻ താൽപ്പര്യപ്പെടുകമാത്രമാണുണ്ടായതു്. പുനഃപരിശോധന നടത്തിയശേഷം ഗവണ്മെന്റു് ഉത്തരവു ഭേദപ്പെടുത്തേണ്ടതില്ലെന്നു് അക്കൗണ്ടന്റു് ജനറലിനു് മറുപടി നൽകി. അക്കൗണ്ടന്റു് ജനറൽ അതു് സമ്മതിക്കുകയും ചെയ്തു.

ലോട്ടറി

* 74. [186] ശ്രീ. ജി. ഗോപിനാഥൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ മേയ്, ജൂൺ എന്നീ മാസങ്ങളിലെ സർക്കാർ ലോട്ടറികളിൽനിന്നും എത്ര ആദായം കിട്ടിയിട്ടുണ്ടു് ;

(ബി) മുൻമാസങ്ങളെ അപേക്ഷിച്ചു് ആദായം കൂടുതലാണോ കുറവാണോ ;

(സി) സംസ്ഥാനത്തിനകത്തും പുറത്തുമായി എത്ര ഏജൻസിക്കാർ പ്രവർത്തിക്കുന്നുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്) :

(എ) മേയ് മാസത്തിൽ നറുക്കെടുക്കപ്പെട്ടതായ പത്താമത്തെ ഭാഗ്യക്കുറിയിൽനിന്ന് 19,79,000 (പത്തൊൻപതു ലക്ഷത്തി എഴുപത്തി ഒൻപതിനായിര)ത്തിൽ പരം രൂപയും, ജൂൺ മാസത്തിൽ നറുക്കെടുക്കപ്പെട്ടതായ പതിനൊന്നാമത്തു ഭാഗ്യക്കുറിയിൽനിന്നും 13,88,000 (പതിമൂന്നലക്ഷത്തി എൺപത്തി എണ്ണായിര)ത്തിൽപരം രൂപയും അറ്റാദായമായി ലഭിച്ചിട്ടുണ്ട്.

(ബി) കാവാണ്.

(സി) 4300-ൽ പരം (നാലായിരത്തി മുന്നൂറിൽപരം) സജീവ എഞ്ജിനീയർമാർ പ്രവർത്തിക്കുന്നുണ്ട്.

അഴിമതിയാരോപണ വിധേയരായ മന്ത്രിമാർ

* 75. [190] ശ്രീ. കെ. ടി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിയാരോപണവിധേയരായ എത്രയെല്ലാം മന്ത്രിമാരുടെ പേരിൽ നടപടികളെടുത്തിട്ടുണ്ട് ;

(ബി) ശ്രീ. പി. കെ. കുഞ്ഞിനെ ഒഴിച്ച് അഴിമതിയാരോപണമുണ്ടായിട്ടുള്ള മറ്റു മന്ത്രിമാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തു ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്) :

(എ) കേരള ധനകാര്യമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞിനെതിരായി ഉണ്ടായ അഴിമതിയാരോപണത്തെപ്പറ്റി അന്വേഷിക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി, സി) ആരോഗ്യമന്ത്രി, വനവും ഹരിജനക്ഷേമവും വകുപ്പുമന്ത്രി എന്നിവരെപ്പറ്റി അഴിമതിയാരോപണങ്ങൾ പരിശോധിച്ചു. അവരുടെ മേൽപ്പറഞ്ഞ ആരോപണങ്ങളിൽ പ്രഥമദൃഷ്ട്യാ കേസ്സില്ലെന്നു കണ്ടതിനാൽ യാതൊന്നും ചെയ്യേണ്ടതില്ലെന്നു നിശ്ചയിച്ചു.

സംസ്ഥാന ഗവണ്മെൻറുകളുടെ സാമ്പത്തികമാർഗ്ഗങ്ങൾ

* 76. [202] ശ്രീ. എ. എസ്. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവണ്മെൻറുകളുടെ സാമ്പത്തിക മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം ഈ ഗവണ്മെൻറു കേന്ദ്രഗവണ്മെൻറിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(സി) ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്താണെന്നറിയാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) കേന്ദ്രഗവണ്മെൻറിൽനിന്നും കൂടുതൽ അധികാരങ്ങളും ധനാഗമമാർഗ്ഗങ്ങളും കിട്ടുന്നതിനു വേണ്ടി കോൺഗ്രസ്സേതര സംസ്ഥാനഗവണ്മെൻറുകളുമായി എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ യോജിച്ച നടപടികളെന്തെങ്കിലും സ്വീകരിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly